# പി. എസ്സിന്റെ രാവണായനം

അങ്ങനെ മിസ്റ്റർ പള്ളത്തു രാമൻ രാവണായനം താൻതന്നെ എഴുതുവാൻ തീർച്ചപ്പെടുത്തി. ആദ്യം മറ്റുള്ളവരോടു എഴുതുവാൻ മാത്രമേ അദ്ദേഹം ഉപദേശിച്ചിരുന്നുള്ളൂ. ചില്ലറക്കവികൾ വല്ല വിഡ്ഢിത്തവുമെഴുതി രാവണന്റെ പുണ്യചരിത്രത്തിന്ന് കളങ്കം തട്ടിക്കരുതെന്ന് കരുതിയായിരിക്കും അദ്ദേഹംതന്നെ ഈ സൽകർമ്മം ചെയ്യാൻ ഒരുങ്ങിപ്പുറപ്പെട്ടതെന്ന് അദ്ദേഹവും അദ്ദേഹത്തിന്റെ ഇഷ്ടന്മാർ വല്ലവരുമുണ്ടെങ്കിൽ അവരും പറയുമായിരിക്കാം. പക്ഷേ, അദ്ദേഹത്തിന്റെ വാക്കുകേട്ടു പ്രസ്തുത രാവണായനം എഴുതിത്തുടങ്ങിപ്പോയവർ എന്തു ചെയ്യും? സഞ്ജയൻ അക്കൂട്ടത്തിൽപ്പെട്ട ഒരാളാണ്.

* * *

രാമനവർകൾക്ക് കവിത തൃണംപോലെയാണ്.

“നാവിട്ടൊന്നു കലുക്കിയാലു-
തിരുമങ്ങയ്യായിരം പദ്യമി-
ന്നാവട്ടങ്ങളിവന്റെ നാവിലിട-
ചേർത്തിട്ടില്ല സൃഷ്ടിച്ചവൻ”

ഞങ്ങൾക്കൊക്കെ കവിതയെന്നു പറഞ്ഞാൽ നന്നെ പ്രയാസമുള്ള കാര്യമാണ്. ഈ രാവണായനംതന്നെ എഴുതിയടത്തോളം എഴുതുവാൻ സഞ്ജയൻ എത്ര പാടുപെട്ടു! എത്ര ദിവസം ഉറക്കൊഴിഞ്ഞു! ആ ലേബർ മുഴുവൻ രാമനവർകളുടെ ഒരൊറ്റ വിജ്ഞാപനംകൊണ്ടു തുലഞ്ഞില്ലേ?

ഇതൊന്നും നന്നല്ല. മിസ്റ്റർ രാമൻ! നിങ്ങൾ മഹാകവിയായാലും ശരി, മഹാമഹാകക്കവിയായാലും ശരി, ചില്ലറക്കവികളോട്ട് ഏറെ ദയ വേണം.

* * *

ഏതായാലും എന്റെ രാവണായനം, എഴുതിയതുവരെ, ഞാൻ പത്രികയിൽ പ്രസിദ്ധപ്പെടുത്തുവാൻ പോകുന്നു. അവതാരികയെഴുതിത്തരുവാൻ സഞ്ജയൻ പലരോടുമിരന്നു. അവർ പറഞ്ഞ മറുപടികൾ പ്രസിദ്ധപ്പെടുത്തുവാൻ കൊള്ളുകയില്ല. അതുകൊണ്ട് ഒരു മുഖവുര സഞ്ജയൻ തന്നെ എഴുതിച്ചേർത്തു. അത് ആദ്യം കൊടുക്കാം.

* * *

## മുഖവുര

രാവണൻ! സ്വർഗ്ഗീയപരിമളമിളിതൻ. മര്യാദസ്ഥൻ. ബൌദ്ധൻ. ഉദാരനിധി. ഈശ്വരവിചാരക്കാരൻ. സന്മാർഗ്ഗി.

രാമൻ! ധിക്കാരി. അധികപ്രസംഗി. സദാ മദ്യപാനി, എന്തും ചെയ്‌വാൻ മടിയില്ലാത്തവർ. ആര്യൻ. ദുഷ്ടൻ. കോമാളി. ബാലിയെ മരംമറഞ്ഞു സിദ്ധികൂട്ടിയവൻ.

ഈ ആര്യരുടെ ദുഷ്ടത ബുദ്ധമതക്കാർ എങ്ങനെ സഹിക്കും? അതുകൊണ്ടിതാ പുറപ്പെടുന്നു രാവണായനം! വേണ്ടുന്നവർക്കു വാങ്ങാം; വേണ്ടാത്തവർക്കു തള്ളാം; രണ്ടായാലും കൊള്ളാം.

ഈ പുസ്തകത്തിലുള്ള തെറ്റുകൾ മുഴുവൻ അച്ചടിത്തെറ്റുകളാണ്.

പാറപ്പുറത്ത് സഞ്ജയൻ (ഗ്രന്ഥകർത്താ)

* * *

എനി കവിത തുടങ്ങുന്നതിന്നു മുമ്പ് അതിനെക്കുറിച്ച് ചിലതെല്ലാം പറയുവാനുണ്ട്. കിളിപ്പാട്ടുരീതിയെയാണ് ഞാൻ അവലംബിച്ചിരിക്കുന്നതെങ്കിലും കിളിയെക്കൊണ്ട് കഥ പറയിക്കുന്ന സമ്പ്രദായം സ്വീകരിച്ചിട്ടില്ല. ആര്യപക്ഷപാതിയായ എഴുത്തച്ഛന്റെ സമ്പ്രദായമാണത്. വെറുംകവി പാറപ്പുറത്ത്, മഹാകവി പള്ളത്തിനെപ്പോലെതന്നെ, പുതിയ പ്രസ്ഥാനക്കാരനാണ്. എന്താണ് കിളിയെക്കൊണ്ട് കഥ പറയിക്കുന്നതിലുള്ള ഔചിത്യം? കിളിയെക്കാൾ ബുദ്ധിയും മനുഷ്യനോടു സ്നേഹവും, അടുത്ത് പെരുമാറ്റവും, മനുഷ്യൻ പറഞ്ഞാൽ അനുസരണവുമുള്ള ഒരു ജീവിയെക്കൊണ്ടാണ് നിങ്ങളുടെ കവി പാറപ്പുറത്ത് രാവണായനം പറയിച്ചിട്ടുള്ളത്. ആ ജീവി നമുക്കെല്ലാം സുപരിചിതനായ നാടൻ നായയാണ്, അവന്ന് ഇതുവരെ സാഹിത്യരംഗത്തിൽ പ്രവേശനമനുവദിച്ചിട്ടില്ലെങ്കിൽ അതിന്നു കാരണം അസൂയമാത്രമാണ്.

“ശുനി ചൈവ ശ്വപാകേ ച പണ്ഡിതഃ സമദർശിനഃ”

എന്നാണ് പ്രമാണം. പള്ളത്തിനെപ്പോലെ പാറപ്പുറത്തും പണ്ഡിതനായതുകൊണ്ട് നായയും കിളിയും തമ്മിൽ യാതൊരു വ്യത്യാസവും വെച്ചിട്ടില്ല.

* * *

എനി സഞ്ജയന്റെ രാവണായനം ആരംഭിക്കാം. [സഞ്ജയൻ ശുനകനെ സ്തുതിക്കുന്നതും കഥ പറയുവാൻ ആവശ്യപ്പെടുന്നതും...]

ശുനകവര! വരികരികിലരുതു ഭയമേതുമേ
തല്ലീടുവാനല്ല ഞാൻ വിളിപ്പൂ, സഖേ!
ശ്രുതിമധുരവിവിധതരരാഗസ്വരങ്ങളിൽ
രാത്രിതോറും നീ കുരപ്പതു കേൾപ്പൂ ഞാൻ.
തവ വചനമിനിയുമതികുതുകമൊടു കേൾക്കുവാൻ
മോഹം വളർന്നുവരുന്നു മഹാമതേ!
അമരവരസുതനുമഥ ഭീഷ്മനും ദ്രോണനും
ധൈര്യത്തിലൊക്കുമോ നിന്നോടു ശൌനക?
പല വിഭവവിവിധരുചികലിതരസമെച്ചിലും
മത്സ്യശിരസ്സാദിയായ പദാർത്ഥവും,
തവ വയറു നിറയുവതുവരെയുമതിശാന്തനായ്
തിന്നുതീർത്തെന്നോടു ചൊല്ലുക വാർത്തകൾ.
അഘനിചയഹരമതുലകലികലുഷനാശനം
ലങ്കേശ്വരൻതൻ ചരിത്രം മനോഹരം
അവനുടയ ഗുണഗണവുമധികതരകീർത്തിയും,
ധിക്കാരി രാമന്റെ തോന്ന്യവാസങ്ങളും,
ഇതുസമയമഖിലമിവ വർണ്ണിക്കുവാനെടോ
നിന്നേയൊഴിഞ്ഞു ഞാൻ കാണ്മീലിതരനെ!”

* * *

“ശ്വാനന്റെ മോഡസ്റ്റി”

ശ്രീശുനക ഉവാച:

എന്തൊന്നു ചോദിപ്പൂ, സഞ്ജയ താങ്കൾക്കു
ഭ്രാന്തു മുഴുക്കയോ? ചെണ്ട കൊട്ടുക്കയോ?
ഞാനൊരു ശ്വാനനശക്തനെന്നാകിലും.
ദീനനെന്നാകിലും, ദീപാളിയാകിലും,
വങ്കനല്ലെന്നു ധരിക്കണം താങ്കളീ
വങ്കത്തമോരോന്നു ചൊല്ലാതിരിക്കണം.
ആയിരം നാവുള്ള സാക്ഷാലനന്തനും
ലീവെടുത്തോടുമീയോർഡർ കിട്ടീടുകിൽ!
എന്നല്ല മിസ്റ്റർ ബൃഹസ്പതികൂടിയു-
മൊന്നു... “നെർവസ്സാ”യ്ഭവിയ്ക്കുമീ വേളയിൽ
ഭൂമിയൊട്ടുക്കു പുകളാണ്ട ലെക്ചറർ
സാമുവെൽ ഹോറും കറഞ്ഞൊന്നു വെമ്പിടും.
വെള്ളത്തിലെത്തിര തള്ളിവരും കണ-
ക്കുള്ളം തെളിഞ്ഞു സൽകാവ്യം ചമപ്പവൻ
പള്ളത്തു സൽക്കവിതന്നെ പാടീടണം
കള്ളം കലരാത്ത രാവണലീലകൾ
എങ്കിലും നിങ്ങളീ റിക്വസ്റ്റുകാലത്തു
ശങ്കവിട്ടെന്നോടു ചെയ്യുകകാരണാൽ
തെല്ലൊന്നുരയ്ക്കാം: ഗ്രമാറ്റിക്കൽമിസ്റ്റേക്സ്
ചൊല്ലെഴും താങ്കൾ കരക്റ്റുചെയ്തേയ്ക്കണേ!”

* * *

ഇങ്ങനെയാണ് സഞ്ജയന്റെ രാവണായനം തുടങ്ങുന്നത്. മഹാകവി രാമൻ തന്റെ രാവണായനം എഴുതി പ്രസിദ്ധപ്പെടുത്തിയാൽ നിങ്ങൾക്ക് അഭിപ്രായത്തിന്നയയ്ക്കുന്ന കോപ്പി സഞ്ജയനേയും കാണിക്കണേ!

□

